

മാർച്ച് 2023

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം!

കോവിഡ് മഹാമാരിക്ക് ശേഷം വീണ്ടും മാരാമൺ കൺവൻഷൻ ക്രമീകരിക്കുവാൻ ഇടയാക്കിയ ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യാം. അനേകരുടെ ആത്മാർത്ഥമായ പ്രാർത്ഥനയും അദ്ധ്വാനവുമാണ് ഇതിന്റെ കാര്യക്ഷമമായ നടത്തിപ്പിന് സഹായകരമായത്. നേതൃത്വം നല്കിയ മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം ഭാരവാഹികളെയും, പ്രാദേശിക ഇടവകകളെയും അഭിനന്ദിക്കുന്നു. സർക്കാർ സംവിധാനങ്ങൾ പൂർണ്ണ സഹകരണം നല്കി. മാരാമൺ മണൽപ്പുറത്ത് നിന്നും ദൈവം തന്റെ അഭിഷിക്തരിലൂടെ നമ്മോട് ഇടപെട്ടു. ശാന്തസുന്ദരമായ പശ്ചാത്തലത്തിൽ ദൈവവചനം നേരിട്ടും ഓൺലൈൻ മാധ്യമത്തിലൂടെയും ജനഹൃദയങ്ങളിലേക്ക് ഒഴുകി. വചനം നൂറുമേനി ഫലം കായ്ക്കുന്നതിന് ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

ബന്ധങ്ങളുടെ പുതുക്കത്തിനും, സ്വയം ശോധനയ്ക്കും, തിരിഞ്ഞു നോട്ടത്തിനും, തിരുത്തലുകൾക്കും, ആഴമായ അനുതാപത്തിനും, പുത്തൻ തീരുമാനങ്ങൾക്കും പര്യാപ്തമായ ആലോചനകളാണ് കൺവൻഷനിലൂടെ നമുക്ക് ലഭിച്ചത്. സഹോദരന്റെ വിശപ്പ് നമ്മുടെ ആത്മീയ വിഷയമാകണമെന്നും, നമുക്ക് വേണ്ടി മാത്രമല്ല അപരനു കൂടി അപ്പം തേടണമെന്നും നമ്മെ ഉദ്ബോധിപ്പിച്ചു. കുർബ്ബാന അർപ്പിക്കുന്നതിനോ അനുഭവിക്കുന്നതിനോ മാത്രമല്ല, മറിച്ച് കുർബ്ബാന ആകുവാനാണ് ക്രിസ്തു നമ്മെ ആഹ്വാനം ചെയ്യുന്നത്. സൽക്കാര മേശയിൽ അവഗണിക്കപ്പെട്ടവർക്കും, അരികുവത്ക്കരിക്കപ്പെട്ടവർക്കും സ്ഥാനമുണ്ടാകണം. ക്രൈസ്തവ ജീവിതത്തിൽ അനുരഞ്ജനത്തിന്റെ പാത അനിവാര്യമാണെന്നും, ദൈവം തന്റെ പുത്രനെ നല്കിയതിലൂടെ അനുരഞ്ജനത്തിന്റെ ശുശ്രൂഷ നമ്മെ ഭരമേല്പിച്ചിരിക്കുന്നുവെന്നും, നമ്മെ ഓർമ്മിപ്പിച്ചു. ക്രിസ്തു കേന്ദ്രീകൃത ജീവിതശൈലിക്കായി വചനം നമ്മെ ആഹ്വാനം ചെയ്തു. തിന്മയുടെ ഭീകരതയെ ഉപേക്ഷിച്ച് നന്മയുടെ പുത്തൻ സാഹോദര്യങ്ങളെ സൃഷ്ടിക്കണം. ബന്ധങ്ങൾക്കിടയിലെ അകൽച്ചയുടെയും തകർച്ചയുടെയും ആഴങ്ങളെ മനസ്സിലാക്കി സ്നേഹത്തിന്റെയും അനുരഞ്ജനത്തിന്റെയും ഇടങ്ങളെ രൂപപ്പെടുത്തുകയാണ് യഥാർത്ഥ ആത്മീയത. നിർഭയനായി ജീവിച്ച് ദൈവാശ്രയത്തെ വെളിപ്പെടുത്തുന്ന ഏലിയാവും, സത്യം മാത്രം സംസാരിച്ച യോഹന്നാൽ സ്നാപകനും, ക്രൂശിൽ അഭിമാനിച്ച പൗലോസും നമുക്ക് മുന്നിൽ മാതൃക ഒരുക്കി. പ്രതിസന്ധികളുടെയും തർക്കങ്ങളുടെയും മദ്ധ്യത്തിൽ, ഒരുമയിൽ മരുവിയ ആദിമ സഭയെപ്പോലെ ഐക്യത്തിന്റെ സുവിശേഷം പങ്ക് വെയ്ക്കുവാൻ എക്യൂമെനിക്കൽ സമ്മേളനവും, സമകാലിക പരിസരങ്ങളിൽ ക്രിസ്തുഭാവം ഉൾക്കൊണ്ട് ഒരിക്കലും വറ്റാത്ത നീതിയുടെ ഉറവയായും ന്യായത്തിന്റെ പ്രവാഹമായും പരിലസിക്കുവാൻ സാമൂഹ്യ തിന്മകൾക്കെതിരായുള്ള സമ്മേളനവും നമ്മെ ആഹ്വാനം ചെയ്തു. ക്രിസ്തീയ ജീവിതം കേവലം ചില പ്രമാണങ്ങളിലൊതുക്കാതെ യേശുക്രിസ്തുവിലൂടെ പുതിയ ആളത്വത്തിലേക്ക് പ്രവേശിക്കേണ്ട ജീവിതാനുഭവമാകണമെന്ന് വചനം നമ്മെ ഓർമ്മിപ്പിച്ചു. വേർതിരിവുകളില്ലാത്ത സാമൂഹ്യ നീതിയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യകത. അപരവത്ക്കരണത്തിന്റെ ബാക്കി പത്രമായ 'നീ ഞങ്ങളുടെ അല്ല' എന്ന ചിന്ത അപകടകരമാണെന്നും മാരാമണ്ണിൽ വീണ്ടും ഉയർന്ന് കേട്ടു. നമുക്ക് ലഭിച്ചിരിക്കുന്ന ചുരുങ്ങിയ ആയുസ്സ് ക്രിസ്തുവിൽ പ്രത്യാശയോടെ ജീവിക്കുവാനുള്ളതാണെന്ന് ഓർമ്മിപ്പിച്ചു. നോമ്പിന്റെ പ്രസക്തിയും കാനാവിലെ കല്യാണ വീട്ടിലെ അനുഭവത്തിലൂടെ നമ്മിൽ സാധ്യമാകേണ്ട രൂപാന്തരത്തിന്റെ അനിവാര്യതയും ശക്തിയും നമ്മെ ഓർമ്മിപ്പിച്ചു. എത്രയെത്ര ആഹ്വാനങ്ങൾ. അർത്ഥവത്തായ വേദപഠനങ്ങൾ, യുവവേദി, കുടുംബവേദി, കുട്ടികൾക്കുള്ള പ്രത്യേക മീറ്റിംഗുകൾ, ഓരോ സംഘടനകളുടെയും ആഭിമുഖ്യത്തിലുള്ള പൊതുയോഗങ്ങൾ, സമർപ്പണ ശുശ്രൂഷ, ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, ആളാംപ്രതി വേല എന്നിവയിലൂടെയെല്ലാം ദൈവം നമ്മോടിടപെട്ടു. ഓരോ ഭാഷക്കാർക്കുമുള്ള പ്രാദേശികാടിസ്ഥാനത്തിലെ കൂടിവരവ് ഈ വർഷത്തെ ഹൃദ്യമായ ഒരു അനുഭവമായിരുന്നു.

മണൽപ്പുറത്തെ വചനതീരത്ത് നിന്നും നവ ദർശനത്തോടെ, പുത്തൻ സമർപ്പണത്തോടെ നമ്മുടെ ജീവന

ഇടങ്ങളിലേക്ക് നാം മടങ്ങി. എന്നാൽ ഇനിയെന്ത് എന്ന താണ് പ്രധാന ചോദ്യം? കൺവൻഷൻ കേട്ടതിനേക്കാൾ പ്രധാനമാണ് കൺവൻഷൻ കഴിഞ്ഞുള്ള ജീവിതം. ദൈവം തന്റെ ഹിതം വചനത്തിലൂടെ വെളിപ്പെടുത്തിയ പ്പോൾ അവയെ സ്വീകരിക്കുവാനും വചനാനുസൃതം ജീവിക്കുവാനുമുള്ള വിമുഖതയാണ് ഇന്നിന്റെ പ്രതി സന്ധി. ഈ നാളുകളിൽ കൺവൻഷനുകൾ നമ്മിൽ വരു ത്തിയ മാറ്റങ്ങളെയാണ് മാറ്റുരയ്ക്കേണ്ടത്. ക്രിസ്തു വിനോടൊപ്പമുള്ള യാത്രയാണ് ക്രിസ്തീയ ജീവിതം. ഇത് സ്വയത്തിൽ നിന്നും അപരനിലേക്കുള്ള യാത്ര യാണ്. പങ്കിടലിന്റെ യാത്രയാണ്. നമ്മുടെ ധനം മാത്ര മല്ല, സമയം, കഴിവ്, താലന്തുകൾ, എന്നിവ ആവിശ്യത്തി ലിരിക്കുന്നവരുമായി പങ്കിടണം. ഇന്ന് ക്രൈസ്തവ സമൂ ഹത്തെ നോക്കി ലോകം പറയുന്നു, 'നിങ്ങൾ പറഞ്ഞ് തന്നത് മതി; എന്നാൽ ഇനി പകുത്ത് നല്കാമോ? നിങ്ങൾ ക്കുള്ളതിനെ, നിങ്ങളെത്തന്നെ പകുത്ത് നല്കാമോ?' അവിടെയാണ് യഥാർത്ഥ ശിഷ്യത്വവും അനുഗമനവും സാധ്യമായിത്തീരുന്നത്. അതിനുള്ള സമർപ്പണമാണ് കൺവൻഷനിലൂടെ ലഭിക്കേണ്ടത്. അപ്പോൾ ജീവിതം തന്നെ സുവിശേഷമായിത്തീരും. അങ്ങനെയുള്ള സമർ പ്പിതരെ ഒരുക്കുന്ന ഇടമാണ് മാരാമൺ വചനതീരം.

കഴിഞ്ഞ കാലങ്ങളിൽ അപ്രകാരം സമർപ്പിക്കപ്പെട്ട ജീവിതങ്ങളിലൂടെ ദൈവവചനം അനേകരിലേക്ക് പകര പ്പെടുവാൻ ഇടയായി. സഭയ്ക്ക് ആശ്രമങ്ങൾ സ്ഥാപിത മായി, അഗതി മന്ദിരങ്ങൾ ആരംഭിച്ചു, പരിചിതമ ല്ലാത്ത ലോകത്തിലേക്ക് സുവിശേഷവുമായി അനേകർ ഇറങ്ങിപ്പുറപ്പെട്ടു. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് തന്നെ പുത്തൻ ദിശാ ബോധം പകർന്ന് നല്കുന്നതിന് കൺവൻഷൻ കാരണ മായി. ഇന്ന് ലോകത്തിന് ആവശ്യം സമർപ്പിതരെയാണ്. ആത്മീയരംഗത്ത് മാത്രമല്ല, പൊതുമേഖലയിലും തൊഴിൽ മേഖലയിലും സമർപ്പിതരെയാണ് ആവശ്യം. അഭിഷിക്തർ മാത്രമല്ല, ആത്മായരും സമർപ്പണമുള്ള വർ ആയിരിക്കണം. അപ്രകാരമുള്ള അദ്ധ്യാപകർ ഉണ്ടാ കണം. ആതുര സേവന പ്രവർത്തകരുണ്ടാകണം, അഭി ഭാഷകരുണ്ടാകണം, വേലയോട് അർപ്പണ മനോഭാവ മുള്ള തൊഴിലാളികളുണ്ടാകണം. വചനകേഴ്വി കൊണ്ട് അവസാനിക്കുന്നതല്ല വിശ്വാസജീവിതം, ദൈവം നിയോഗിക്കുന്ന ഇടങ്ങളിലേക്ക് സമർപ്പണത്തോടെ ഇറങ്ങി പുറപ്പെടുന്നതിനുള്ള ഊർജ്ജം പകരുന്നതാ കണം ദൈവവചനം. അതിനായി നമ്മെ സമർപ്പിക്കാം.

മാരാമൺ കൺവെൻഷനെത്തിയ മൂന്ന് യുവാക്കൾ പമ്പാ നദിയിൽ മുങ്ങി മരിച്ചു എന്ന അത്യന്തം വേദനാജന കമായ വാർത്തയാണ് കൺവെൻഷന്റെ ഏഴാം ദിവസം നമ്മെ തേടിയെത്തിയത്. ചെട്ടികുളങ്ങര സ്വദേശിക ളായ മെറിൻ, മെഫിൻ, എബിൻ എന്നിവരാണ് ഒഴു ക്കിൽപ്പെട്ടത്. യുവജന സഖ്യത്തിന്റെ സജീവ പ്രവർ ത്തകരായിരുന്ന ഇവരുടെ നിര്യാണം സഭയ്ക്ക് വലി യൊരു നഷ്ടമാണ്. നദിയുടെ മണൽത്തിട്ടയിൽ കൂടുന്ന കൺവെൻഷന്റെ സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതിനെപ്പറ്റി സർക്കാരും സഭയും ജനപ്രതിനിധികളും സാമൂഹ്യ പ്രവർത്തകരും കൂട്ടായി ആലോചിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയിൽ ഉണ്ടാ കുന്ന മാറ്റങ്ങൾ പല രൂപങ്ങളിലാണ് നമ്മെ ബാധിക്കു ന്നത്. നമ്മുടെ പരിമിതികൾ മനസ്സിലാക്കി പ്രകൃതിയെ സംരക്ഷിച്ചു മാത്രമേ മുൻപോട്ടു പോകുവാൻ സാധി ക്കുകയുള്ളൂ. ഈ യുവാക്കളുടെ നിര്യാണത്തിൽ അഗാ ധമായ ദുഃഖം രേഖപ്പെടുത്തുന്നതോടൊപ്പം ഇത്തരം സംഭവങ്ങൾ ഇനിയും ആവർത്തിക്കപ്പെടാതിരിക്കു വാനുള്ള മുൻകരുതലുകൾ നാം സ്വീകരിക്കുകയും വേണം.

ഫെബ്രുവരി മാസത്തിന്റെ തുടക്കത്തിൽ ടർക്കിയിലും സിറിയയിലുമുണ്ടായ ഭൂകമ്പങ്ങളുടെ ഒരു പരമ്പര ആ രാജ്യങ്ങളിൽ വലിയ നാശനഷ്ടങ്ങളാണ് വരുത്തിയി രിക്കുന്നത്. ആയിരക്കണക്കിനാളുകളാണ് മരണപ്പെ ട്ടത്. അടിസ്ഥാന സൗകര്യങ്ങൾക്ക് വൻ നാശനഷ്ടമു ണ്ടാകുകയും ചെയ്തു. റിക്ടർ സ്കെയിലിൽ 7.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തെ തുടർന്ന് ഡസൻ കണക്കിന് തുടർചലനങ്ങൾ ഉണ്ടായി. ആ രാജ്യങ്ങളി ലുണ്ടായ വലിയ പ്രതിസന്ധിയിൽ സഹായ ഹസ്തമെ ത്തിക്കുവാനുള്ള ദൗത്യം ലോക രാജ്യങ്ങൾക്കുണ്ട്, സഭയ്ക്കുമുണ്ട്. ഒപ്പം കലുഷിതമായ, ഇപ്പോൾ പ്രകൃതി ക്ഷോഭങ്ങളാൽ കൂടെ തകർക്കപ്പെട്ട, ആ രാജ്യങ്ങ ൾക്കുവേണ്ടി നാം പ്രാർത്ഥിക്കുകയും വേണം.

അർത്ഥവത്തായ ആരാധനാ പങ്കാളിത്തം ഈ കാല ഘട്ടത്തിന്റെ ആവശ്യമാണ്. ഞായറാഴ്ചകളിലും മറ്റ് ആരാധനാവസരങ്ങളിലും സമയക്രമീകരണത്തിന്റെ പേരിൽ ആരാധന സൗകര്യപ്രദമായി ചുരുക്കുന്ന പ്രവ ണത ഏറി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞായ റാഴ്ചകളിൽ വിശുദ്ധ കുർബ്ബാനയ്ക്ക് മുമ്പ് പരസ്യാ രാധന നടത്തുന്ന പാരമ്പര്യം നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് അതിന് മാറ്റം സംഭവിച്ചിട്ടുണ്ട്. അത് പാടെ ഉപേക്ഷിക്കുന്നത് നല്ലതല്ല. കഴിവുള്ളിടത്തോളം പരസ്യാരാധന കൂടി ഉൾപ്പെടുത്തി വിശുദ്ധ കുർബ്ബാന ക്രമീകരിക്കുവാൻ ഇടവക വികാരിമാർ ശ്രദ്ധിക്കണം. തലമുറകളെ വിശ്വാസ പാതയിൽ വളർത്തേണ്ടത് കാല ഘട്ടത്തിന്റെ അനിവാര്യതയാണ്. ആത്മീയ കാര്യങ്ങ ളിൽ അടുത്ത തലമുറ നമ്മോടൊപ്പമുണ്ടോ എന്നത് ഗൗരവമായി ചിന്തിക്കണം. തലമുറകളെ സഭയോടും, സഭയുടെ അടിസ്ഥാന വിശ്വാസാചാരങ്ങളോടും ചേർത്ത് നിർത്തുവാൻ മാതാപിതാക്കൾക്ക് സാധിക്ക ണം. ഒരു പുത്തൻ കുടുംബ ആത്മീയത ഇന്നിന്റെ ആവ ശ്യമാണ്. ഭക്ഷണ മേശയിലും കുടുംബ പ്രാർത്ഥന യിലും കഴിവുള്ളിടത്തോളം ഒരുമിച്ച് സംബന്ധിപ്പാൻ ഇടയാകണം. വേദപുസ്തക വായനയും ആരാധനാ കൂദാശകളിലെ അച്ചടക്കവും നാം വീണ്ടെടുക്കണം. നമ്മുടെ വീടുകും ഇടവകകളും അച്ചടക്കത്തിന്റെ പാഠ ശാലകളായി മാറണം.

2022 സെപ്റ്റംബർ മാസം 13, 14, 15 എന്നീ തീയതികളിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ

മെത്രാപ്പോലീത്ത സ്മാരക ഓഡിറ്റോറിയത്തിൽ കൂടിയ സഭാ പ്രതിനിധി മണ്ഡലം എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് നാലു പേരെ കൂടി തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുകയും ഇതിനായി തക്ക യോഗ്യതയുള്ള ആളുകളെ നിർദ്ദേശിക്കുന്നതിന് ഒരു നോമിനേഷൻ ബോർഡിനെ തെരഞ്ഞെടുക്കുകയും പ്രസ്തുത തീരുമാനവും തെരഞ്ഞെടുപ്പും എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുകയും ചെയ്തു. എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് പല പ്രാവശ്യം കൂടി ആവശ്യമായ അന്വേഷണത്തിനും പരിചിന്തനത്തിനും ശേഷം ആർത്താറ്റ് കുന്നംകുളം മാർത്തോമ്മാ ഇടവകയിൽ ചെമ്മണ്ണൂർ ദിവ്യശ്രീ സാജു സി. പാപ്പച്ചൻ കശ്ശീശാ, കൊച്ചുകോയിക്കൽ ട്രിനിറ്റി മാർത്തോമ്മാ ഇടവകയിൽ കാരംവേലിമണ്ണിൽ ദിവ്യശ്രീ ഡോ. ജോസഫ് ഡാനിയേൽ കശ്ശീശാ, മല്ലപ്പള്ളി മാർത്തോമ്മാ ഇടവകയിൽ കിഴക്കേചെറുപാലത്തിൽ (സിഹോറ ക്രിസ്ത പന്ഥി ആശ്രമാംഗം) ദിവ്യശ്രീ. മാത്യു കെ. ചാണ്ടി കശ്ശീശാ എന്നിവരെ നാമനിർദ്ദേശം ചെയ്തു. പ്രസ്തുത പേരുകൾ ബോർഡ് 2023 ഫെബ്രുവരി മാസം 20-ാം തീയതി കൂടിയ സഭാ കൗൺസിലിനെ ഭരണഘടന 19-ാം വകുപ്പനുസരിച്ച് അറിയിക്കുകയും മെത്രാപ്പൊലീത്തായുടെ 77 -ാം നമ്പർ കല്പനമൂലം ഇടവകകളെ അറിയിക്കുകയും ചെയ്തു. തുടർ നടപടികൾ പൂർത്തീകരിച്ച് സഭയുടെ പുരോഗമനത്തിനും ജനങ്ങളുടെ നന്മയ്ക്കും സർവ്വോപരി ദൈവനാമ മഹത്വത്തിനും സഹായകരമായ വിധത്തിൽ പ്രസ്തുത സ്ഥാനത്തേയ്ക്ക് ഉത്തമ സ്വഭാവം, നല്ല സാക്ഷ്യം, പഥ്യോപദേശം, വിശ്വാസ സ്ഥിരത, ദൈവഭക്തി, പക്വബുദ്ധി, കാര്യപ്രാപ്തി എന്നിത്യാദി ഗുണങ്ങൾ കൊണ്ട് യോഗ്യരായ ആളുകളെ തെരഞ്ഞടുക്കുന്നതിന് എല്ലാവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും വേണം.

യുക്രയിൻ യുദ്ധം ഒരു വർഷം പിന്നിട്ടിരിക്കുന്നു. ആഴമുറിവുകൾ, ജീവനഷ്ടങ്ങളുടെ മഹാദുഖം, നീളുന്ന നോവ് ഇവയാണ് യുദ്ധം സമ്മാനിക്കുന്നത്. ആശങ്കയും, നാശനഷ്ടവും, അഭയാർത്ഥി പ്രവാഹവും ഇന്നും തുടരുന്നു. ആഗോളതലത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നു. യുദ്ധം ഒന്നിനും പരിഹാരമല്ല, ന്യായീകരിക്കത്തക്കതുമല്ല. അത് അവസാനിക്കണം. സമാധാനം ഒരിക്കലും തോൽക്കരുത്. അന്തർദേശീയ തലത്തിൽ മാത്രമല്ല, മനുഷ്യമനസ്സുകൾ പോലും ഇന്ന് പോരാട്ട ഇടങ്ങളാണ്. തുറവിയുള്ള വ്യക്തിത്വങ്ങൾ രൂപപ്പെടണം. അപരനോടും അയൽക്കാരനോടുമുള്ള പോരാട്ട വീര്യമല്ല പരിപോഷിപ്പിക്കേണ്ടത്, സമാധാന ശ്രമങ്ങളും നല്ല ബന്ധങ്ങളുമാണ് ആവശ്യം. ഒരു വർഷം പോരാടിയിട്ടും ഇതുവരെയും ആരും ജയിച്ചിട്ടില്ല. നഷ്ടങ്ങളും മരണങ്ങളുമാണ് കണക്കെടുപ്പിൽ മുന്നിട്ട് നില്ക്കുന്നത്. ഇന്ന് ആയുധമെടുത്തുള്ള യുദ്ധത്തിൽ നാം പങ്കുകാരല്ലായിരിക്കാം; എന്നാൽ വിദ്വേഷവും വെറുപ്പും ഊട്ടി വളർത്തുന്ന വർത്തമാന കാലത്താണ് നാം ജീവിക്കുന്നത്. പോരാടേണ്ടത് അപരനോടല്ല, മനുഷ്യത്വത്തെയും പ്രകൃതിയെയും ഇല്ലാതാക്കുന്ന പ്രവണതകളോടും സാഹചര്യങ്ങളോടുമാണ്. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ (എഫെ. 6:12). ലോകസമാധാനത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

ജാതി വിവേചനം നമ്മുടെ നാട്ടിൽ നിന്ന് നിർമ്മാർജനം ചെയ്തുവെന്നതിൽ നാമെല്ലാവരും അഭിമാനിക്കാറുണ്ടെങ്കിലും ഒളിഞ്ഞും തെളിഞ്ഞും പല രൂപങ്ങളിലുള്ള വിവേചനം ഇപ്പോഴും നടക്കുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. പ്രബുദ്ധ സംസ്ഥാനമെന്നു നാമഭിമാനിക്കുന്ന കേരളത്തിൽ നടക്കുന്ന ഇത്തരം സംഭവങ്ങൾ നമ്മെ ലജ്ജിപ്പിക്കേണ്ടതാണ്. ക്ലാസ് മുറികളിൽ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പതിവ് വിദ്യാഭ്യാസം മാത്രമല്ല ധാർമ്മീക മൂല്യങ്ങളും എല്ലാവരെയും സഹോദരങ്ങളായി കാണുവാനുള്ള പ്രബോധനവും സ്കൂൾ തലം മുതൽ നൽകേണ്ടതാവശ്യമാണ്.

ഒരു സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിലേക്ക് നാം പ്രവേശിച്ചു. സഭാ സംബന്ധമായ സാമ്പത്തിക ഇടപാടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. സഭാ ആഫീസിലേക്കും ഭദ്രാസന ആഫീസിലേക്കും അടയ്ക്കുവാനുള്ള സ്തോത്രകാഴ്ചകളും ഇതര തുകകളും താമസംവിനാ നൽകി പ്രവർത്തനങ്ങളെ സഹായിക്കണം. ഒരു അദ്ധ്യയന വർഷം കൂടി അവസാനിക്കുന്നു. വാർഷിക പരീക്ഷകൾ, എൻട്രൻസ് പരീക്ഷകൾ എന്നിവയ്ക്ക് തയ്യാറാകുന്ന വിദ്യാർത്ഥികൾക്ക് പ്രാർത്ഥനകളും ആശംസകളും അറിയിക്കുന്നു. ദൈവം തമ്പുരാൻ നിങ്ങളേവരെയും അനുഗ്രഹിക്കട്ടെ.

മുൻ സഭാ കൗൺസിൽ അംഗങ്ങളായ ശ്രീ. ജേക്കബ് കെ. തോമസ് (രഞ്ചൻ, കരവാളൂർ), ഡോ. ജേക്കബ് മാത്യു ഒളശ്ശയിൽ എന്നിവർ കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. അവരുടെ ധന്യവും ശ്രേഷ്ഠവുമായ പ്രവർത്തനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. ഇവരുടെ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തിന് നന്ദി കരേറ്റാം. ദുഃഖാർത്ഥരായ പ്രിയപ്പെട്ടവരെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

മാർച്ച് മാസത്തിലെ ആരാധനാ ധ്യാനങ്ങൾ എല്ലാം തന്നേ കർത്താവിന്റെ സൗഖ്യദായക വിവരണങ്ങൾ ആണല്ലോ. പൂർണത വരുത്തുന്ന കർത്താവ് അവയിലൂടെയെല്ലാം ജീവിതത്തിന്റെ സമഗ്രതയിലേക്കാണ് മനുഷ്യരെ നയിച്ചത്. നോമ്പുകാലം സമഗ്ര വിമോചനം പ്രസംഗിക്കാനും പ്രായോഗികമാക്കാനും സഭക്ക് കഴിയട്ടെ. മാർച്ച് അഞ്ചാം തീയതി ഞായറാഴ്ച്ച നാലുപേർ ചേർന്ന് ഒരു പക്ഷവാതരോഗിയെ കർത്താവിന്റെ അടുത്തു കൊണ്ടുവന്ന് സൗഖ്യം വരുത്തുന്നതും അതിനോടാനുബന്ധിച്ചു ഉണ്ടായ സംവാദങ്ങളും ആണ് ഏവൻഗേലിയോന്റെ (മർക്കോ. 2: 1-12) ഇതിവൃത്തം. തളർന്നുകിടന്ന മനുഷ്യ

നെക്കുറിച്ച് ചുമന്നുകൊണ്ടുവന്ന നാലുപേരും ഒരു പോലെ ചിന്തയുള്ളവർ ആയിരുന്നു. യേശുവിന്റെ സൗഖ്യദായക സാന്നിധ്യം അവരെ കർമ്മോന്മുഖരാക്കി. അവർ ദൈവരാജ്യത്തിന്റെ ചാലകങ്ങളായിത്തീർന്നു. ഇപ്രകാരം യേശുസാന്നിധ്യത്താൽ ജ്വലിതരായിത്തീരാൻ നമുക്കും കഴിയണം. പാപവിമോചകനായ കർത്താവ് പാപം ക്ഷമിച്ച്, സമഗ്ര സൗഖ്യം ചുമക്കുന്നവർക്കും ചുമക്കപ്പെടുന്നവർക്കും ഒരുപോലെ നൽകുമല്ലോ. മാർച്ച് പന്ത്രണ്ട് ഞായറാഴ്ച 'സകലരെയും ഉൾക്കൊള്ളുന്ന യേശു' എന്ന വിഷയം സഭ ധ്യാനത്തിന് നൽകിയിരിക്കുന്നു. വി. മത്തായി 15:21-29 വരെയാണ് വി. ഏവൻഗേലിയോൻ. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ അവകാശമാക്കിയിരുന്ന ഭൂമിക്കും അപ്പുറം ഉള്ള ഇടമായിരുന്നുവല്ലോ സോർ, സീദോൻ പ്രദേശം. ദൈവത്തിന്റെ സ്വന്തജനം എന്നവകാശപ്പെട്ടവരെ ലജ്ജിപ്പിക്കുന്ന വിശ്വാസമാണ് കനാന്യ വനിത പ്രകടമാക്കിയത്. വിശ്വാസത്തോടെ അടുത്തു വരുന്നവരെ ഉപേക്ഷിക്കാത്ത യേശുവിനെയാണ് നാം കാണുന്നത്. സകലരെയും ഉൾക്കൊള്ളുന്ന വിശാലതയാണ് ദൈവരാജ്യത്തിനുള്ളത്. ദൈവത്തെ അറിയാത്തവരെന്ന് മുദ്ര കുത്തപ്പെട്ട കോരശിനെപ്പോലും തന്റെ ഉദ്ദേശ്യങ്ങൾക്ക് വേണ്ടി അഭിഷേകം ചെയ്യുന്നവനാണ് ദൈവം. യേശുക്രിസ്തുവിൽ വെളിപ്പെട്ട സകലരെയും ഉൾക്കൊള്ളുന്ന മനോഭാവം ഈ നോമ്പു കാലത്ത് നമ്മിലും ഉണ്ടായി വരണം. ജാതി, മത, വർഗ്ഗ, ലിംഗ ഭേദങ്ങൾക്കപ്പുറം ദൈവസ്നേഹം പങ്കിടുവാൻ സഭയെ ദൈവം വിളിച്ചിരിക്കുന്നു.

മാർച്ച് പത്തൊൻപത് ഞായറാഴ്ച നാം ധ്യാനിക്കുന്നത് 'വീണ്ടെടുക്കുന്ന യേശു' എന്ന വിഷയമാണ്. കൂനു ബാധിച്ചിരുന്ന സ്ത്രീയെ ദേവാലയത്തിൽ വച്ച് കർത്താവ് സൗഖ്യമാക്കി. അത് ശബത് നാൾ ആയിരുന്നതിനാൽ വലിയ വാദപ്രതിവാദം ഉണ്ടായി (ലൂക്കോ. 13:10-17). അവളെ ബാധിച്ചിരുന്ന സാത്താന്യ ബന്ധനത്തിൽ നിന്നും കർത്താവ് അവളെ വീണ്ടെടുത്തു. തങ്ങൾ വളർത്തിയിരുന്ന കാളയ്ക്കും കഴുതയ്ക്കും നൽകിയിരുന്ന മൂല്യം പോലും ആ സമൂഹം അവൾക്കു നൽകിയിരുന്നില്ല എന്നു യേശു പറഞ്ഞു. പ്രയോജനവാദത്തിന്റെ അന്ധത അവരെ ബാധിച്ചിരുന്നു. അങ്ങനെയുള്ള സമൂഹത്തിൽ സാത്താന്യ ബന്ധനങ്ങൾ ഉണ്ടാവും. വസ്തുക്കൾക്കും സ്വത്തിനും മനുഷ്യരേക്കാൾ വില കല്പിക്കുന്ന സമൂഹ മനസ്സാക്ഷിക്കു നേരേ കർത്താവ് എന്നും ചോദ്യങ്ങൾ ഉയർത്തുന്നുണ്ട്. നോമ്പു കാലങ്ങൾ നമുക്ക് മനുഷ്യത്വത്തിന് വില കൽപിക്കാനും കർത്താവിന്റെ വീണ്ടെടുപ്പിന്റെ ശുശ്രൂഷയിൽ പങ്കുകാരാകാനും സാധ്യമാകട്ടെ. വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവുകളും ജീവിത ചെലവുകളും കാരണം സമ്മർദ്ദം അനുഭവിക്കുന്നവർക്കു വിടുതൽ നൽകാൻ നമുക്ക് കൂട്ടായി ശ്രമിക്കാം.

മാർച്ച് ഇരുപത്തിയാറാം തീയതി ഞായറാഴ്ച ബർത്തിമായി എന്ന കുരുടൻ കാഴ്ച പ്രാപിക്കുന്നതാണ് വി. ഏവൻഗേലിയോന്റെ വിവരണം. (മർക്കോ. 10:46-52). 'നവദർശനത്തിലേക്കു നയിക്കുന്ന യേശു' എന്നതാണ് ധ്യാനവിഷയം. യെരിഹോ തെരുവീഥിയിൽ ഇരുന്നു ഭിക്ഷ യാചിച്ചിരുന്നവൻ യേശു സാന്നിദ്ധ്യത്തിന്റെ സാധ്യത തിരിച്ചറിഞ്ഞുവല്ലോ. ഉൾക്കാഴ്ചകളുടെ പ്രഭു ആയിരുന്നു അയാൾ. അനുഗമനത്തിന് സങ്കുചിത ലക്ഷ്യങ്ങൾ ഉണ്ടായിരുന്ന ശിഷ്യരേക്കാൾ (മർക്കോ. 10:35-45) അയാൾ ശ്രദ്ധിക്കപ്പെടുന്നു. യേശു വിളിച്ചപ്പോൾ ചാടി എഴുന്നേറ്റ് യേശുവിന്റെ അടുത്തു ചെന്ന അയാൾ വിശ്വാസത്തിന്റെ കുതിച്ചു ചാട്ടം ആണ് നടത്തിയത്. സൗഖ്യമായപ്പോളാകട്ടെ, കുരിശോളം അനുഗമിക്കാൻ അയാൾ തയ്യാറായി. കാഴ്ച പ്രാപിച്ച ബർത്തിമായി യേശുവിനെ കണ്ടപ്പോൾ, തന്റെ കാഴ്ചശക്തി ആസ്വദിക്കുന്നതിനേക്കാൾ, കാഴ്ച തന്നവനെ അനുഗമിക്കുന്നത് ഭാഗ്യമായി കരുതി. കണ്ണുകൾ ഉന്നതമായ തലങ്ങളിലേക്ക് ഉയർത്തി, ദൈവരാജ്യത്തിന്റെ അനുഭവക്കാരും പ്രാഘോഷകരും ആകാൻ ദൈവം നമുക്കും കൃപ തരട്ടെ.

ദൈവം തന്റെ കൃപയാൽ ആയുസ്സിൽ പുതിയ ഒരു സംവത്സരത്തിലേക്ക് പ്രവേശിക്കുവാൻ കൃപ ചെയ്തതിനെ ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. 74 സംവത്സരങ്ങൾ ദൈവം അതിശയകരമായി വഴിനടത്തി. പട്ടത്വശുശ്രൂഷയിൽ 50 സംവത്സരങ്ങൾ ദൈവം വഴികാട്ടി. പകൽ മേഘസ്തംഭമായി രാത്രി അഗ്നിതൂണായി ദൈവം തന്റെ സാന്നിദ്ധ്യം നല്കി. "പുരാതനനായ ദൈവം നമ്മുടെ സങ്കേതം, കീഴെ ശാശ്വത ഭുജങ്ങൾ". മോശയുടെ ഈ വാക്കുകൾ ഓരോ നാളും അനുഭവിച്ചറിയുവാൻ എനിക്കും ദൈവം സംഗതിയാക്കുന്നു. ജീവിതത്തിൽ ഇന്നയോളം അനുഭവിച്ച എല്ലാ അനുഗ്രഹങ്ങൾക്കുമായി ദൈവത്തിന് നന്ദി കരേറ്റുന്നു. നാളിതുവരെ വിവിധ ശുശ്രൂഷാ സ്ഥാനങ്ങളിൽ ലഭിച്ച ദൈവകൃപ വാക്കുകൾക്കതീതം. ദൈവമക്കളുടെ പ്രാർത്ഥന എന്നും ഒരു ബലമായിരുന്നു. എന്റെ മാതാപിതാക്കൾ, സഹോദരങ്ങൾ, ഗുരുജനങ്ങൾ, അഭിവന്ദ്യരായ തിരുമേനിമാർ, പട്ടക്കാർ, സുവിശേഷകർ, സഭാജനങ്ങൾ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും നിങ്ങളുടെ പ്രാർത്ഥന ആവശ്യമാണ്. സഭയെയും സഭാ നേതൃത്വത്തെയും വിവിധങ്ങളായ പ്രവർത്തനങ്ങളെയും നിങ്ങളുടെ വ്യക്തിപരമായ പ്രാർത്ഥനയിലും കൂട്ടായ പ്രാർത്ഥനകളിലും ഓർക്കണം. ആശംസകളറിയിച്ച എല്ലാവരോടുമുള്ള നന്ദിയും സന്തോഷവും അറിയിക്കുന്നു.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
28.02.2023

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**